ഭരണഭാഷ – മാതൃഭാഷ

ISO 9001:2015

# കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് കാര്യാലയം

കൊല്ലങ്കോട് പി ഒ , പാലക്കാട് ജില്ല

ഫോൺ നം : 04923 262324

Email:ddppkdkollengode@gmail.com

Website :panchayat.lsgkerala.gov.in/kollengodepanchayat

നമ്പർ: എസ് സി 2/6544/24 തിയ്യതി: 10/06/2025

പ്രേഷകൻ,
 സെക്രട്ടറി
 കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്,
 ജനകീയ സമിതി
 കൊല്ലങ്കോട്

സർ,

വിഷയം: കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്– നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചതിനെതിരെ ഉള്ള പരാതി – മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന 1. – ജില്ലാ അദാലത്തിൽ ലഭ്യമായ പരാതി

സൂചന 2. BPPKD 50866000014 തീയതി 06/05/2025 തീയതിയിൽ ജില്ലാ അദാലത്തിൽ ലഭ്യമായ പരാതി

പരാതി സംബന്ധിച്ച 16/03/2016 തിയതിയിലെ ബി.4-2885 നമ്പർ ഫയൽ പരിശോധിച്ചതിൽ കൊല്ലങ്കോട് വില്ലേജ് 2, ബ്ലോക്ക് 14, റീ സർവ്വെ നമ്പർ 160/3 ൽ ഉൾപ്പെട്ട 0.0455 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള 106.91 ച.മീറ്റർ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 89.61 ച.മീറ്റർ വിസ്തീർണ്ണമുള്ള കടമുറികൾ പണിയുന്നതിന് 22.11.2014 തീയതി ബി.4-7323/14 നമ്പർ പ്രകാരം ശ്രീ രാജേന്ദ്രൻ s/o പ്രഭാകരൻ നായർ, പയ്യല്ലൂർ മൊക്ക് എന്നവർക്ക് ഈ കാര്യലയത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിരുന്നു.

Scanned by CamScanner

അപേക്ഷയോടൊപ്പം റവന്യു ഡിവിഷണൽ ഓഫീസറുടെ 09/03/1996 തീയതിയിലെ 10781/95 നമ്പർ കെ.എൽ.യു ഉത്തരവാണ് സമർപ്പിച്ചതായി കാണുന്നത്. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് 17.30 ച.മീറ്റർ അധികരിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിനായി 16/03/2016 തിയതി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ പടിഞ്ഞാറ് വശത്ത് മൂന്ന് മീറ്ററിൽ കൂടുതൽ സെറ്റ് ബാക്ക് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തെക്ക് വശത്ത് അതിരിനോട് ചേർത്ത് നിർമ്മിക്കുന്നതിന് കലാധരൻ എന്നവരുടെ സമ്മതപത്രവും അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നു. സമർപ്പിച്ച പ്ലാനിൽ എൽ.എസി.ജി.ഡി.സെക്ഷൻ ഓവർസിയർ വേരിഫൈ ചെയ്യുകയും, എൽ.ഡി.ക്ലർക്ക് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും 19/04/2016 തിയതി 9/16 നമ്പർ പ്രകാരം സെക്രട്ടറി അധികനിർമ്മാണം ക്രമവൽക്കരിച്ച് നിലവിലെ കെട്ടിടത്തിന്റെ മുകളിൽ 6 കെട്ടിട നമ്പറുകള് അനുവദിച്ചതുമാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്

Kollengode Grama Panchayat Office
Kollengode PO Palakkad

Scanned by CamScanner